പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 984 — 12/12/2012-ൽ മറുപടിക്ക്

## പെൺകുട്ടികൾക്കുവേണ്ടി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീ.ഇ.കെ.വിജയൻ :

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പട്ടികവർഗ്ഗ കോളനികളിൽ മദ്യം, പുകയില എന്നിവയുടെ ഉപയോഗം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ആദിവാസി കോളനികളിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെഉപയോഗം തടയുന്നതിന്റെ ഭാഗമായി എക്സൈസ്, ആരോഗ്യം, എന്നീ വകുപ്പുകളുടെ സഹായത്തോടെ ജില്ലാതല ഓഫീസർമാർ മുഖേന ബോധവല്ക്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ആദിവാസി പെൺകുട്ടികൾക്കു വേണ്ടി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ? | ആദിവാസി പെൺകുട്ടികൾക്കായി പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) 500 പട്ടികവർഗ്ഗ യുവതികൾക്ക് സൗജന്യ ഓട്ടോ റിക്ഷാ പരിശീലനവും ഓട്ടോ റിക്ഷാ വിതരണവും.<br>2) നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് നൽകി വരുന്ന വിവാഹ ധനസഹായം 20,000/-രൂപയിൽ നിന്നും 50,000/-രൂപയായി 1.4.2012 |

| | | |
|---|---|---|
| | | മുതൽ മുൻകാലപ്രാബല്യത്തോടെ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>3) പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി താമസം,ഭക്ഷണം തുടങ്ങിയ സൗകര്യങ്ങളോടു കൂടി പെൺകുട്ടികൾ-ക്കുമാത്രമായി 6 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളും, 39 പ്രീമെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു.<br>4) പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി 12 ടെയ്ലറിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പ്രീമെട്രിക് പോസ്റ്റ്മെട്രിക് പ്രൊഫഷണൽ തലങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി, ബോർഡിംഗ് സൗകര്യം എന്നിവയും നൽകുന്നുണ്ട്.<br>5) ഈ പദ്ധതികൾക്ക് പുറമേ വകുപ്പ് നടത്തുന്ന എല്ലാ സാമൂഹ്യ സാമ്പത്തിക പദ്ധതികളിലും ആദിവാസി പെൺകുട്ടികൾക്ക് അർഹമായ പരിഗണന നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ